"ഭരണഭാഷ - മാതൃഭാഷ"

വിവരാവകാശം/മറുപടി

നമ്പർ: E5-420/18

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി: 16.01.2018.
Email : swdkerala@gmail.com
Phone: 0471 - 2306040.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി വകുപ്പ്,
തിരുവനന്തപുരം.

ശ്രീ. സാക്കിർ ഹുസൈൻ കെ.പി.,
കാവുപറമ്പിൽ,
മമ്പാട്ടുമൂല പി.ഒ.,
മലപ്പുറം - 679 332.

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം - വിവരാവകാശം മറുപടി നൽകുന്നത് - സംബന്ധിച്ച്:

സൂചന:- താങ്കൾ നൽകിയ വിവരാവകാശ അപേക്ഷ.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. താങ്കളുടെ വിവരാവകാശ അപേക്ഷയിലെ സൂചനയിൽ പരാമർശിക്കുന്ന 26.09.2016-ന് മലപ്പുറം ജില്ലാ സാമൂഹ്യനീതി ഓഫീസർക്കെതിരെ നൽകിയ പരാതി ഓഫീസ് രേഖകൾ പരിശോധിച്ചതിൽ നിന്നും ഈ കാര്യാലയത്തിൽ ലഭിച്ചതായി കാണുന്നില്ല. ആയതിനാൽ വിവരാവകാശ നിയമ പ്രകാരം താങ്കൾ ആവശ്യപ്പെട്ടിരുന്ന വിവരം ഈ കാര്യാലയത്തിൽ ലഭ്യമല്ല എന്ന വിവരം അറിയിക്കുന്നു. എന്നാൽ താങ്കളുടെ അപേക്ഷ പൂജപ്പുരയിലുള്ള വനിതാ ശിശു വികസന ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ടെങ്കിൽ താങ്കൾക്ക് വിവരം നൽകുന്നതിനായി താങ്കളുടെ അപേക്ഷയുടെ പകർപ്പ് വനിതാ ശിശു വികസന ഡയറക്ടറേറ്റിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് അയച്ചു കൊടുത്തിട്ടുണ്ടെന്ന വിവരം കൂടി അറിയിക്കുന്നു (കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

ഈ മറുപടിയിൽ താങ്കൾ തൃപ്തനല്ലെങ്കിൽ 30 ദിവസത്തിനകം ഒന്നാം അപ്പീൽ അധികാരിയായ "**ശ്രീമതി. കെ. ഗീത, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ & അപ്പലേറ്റ് അതോറിറ്റി, സാമൂഹ്യ നീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം**" എന്ന വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

**S. രാജീവ് കുമാർ**
**സീനിയർ സൂപ്രണ്ട് &**
**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്.**

AN